ക്ഷീരവികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ

123(1611)ശ്രീമതി എൻ.കെ. രാധ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദ മാക്കുമോ;

(ബി) ക്ഷീരവികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് സമാന മായി മറ്റേതെങ്കിലും ഏജൻസികൾ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ;

(സി) എങ്കിൽ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പി ക്കാൻ ഗവൺമെന്റ് തലത്തിൽ എന്തെങ്കിലും നടപടിയെടുക്കുവാൻ ഉദ്ദേശ മുണ്ടോ?

ഉത്തരം

(എ) സംസ്ഥാന ക്ഷീരവികസന വകുപ്പ് പാൽ ഉൽപാദനം വർദ്ധിപ്പി ക്കുവാനും ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി വിജ്ഞാന വ്യാപനം, പച്ചപ്പുൽ കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം, ക്ഷീരസഹകരണ മേഖല യുടെ ഭരണപരമായ മേൽനോട്ടം, അവയുടെ നവീകരണം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡറിന്റെ നടത്തിപ്പ് എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് ജില്ലയിലെ ചീഫ് വെറ്ററിനറി ഓഫീസറെ ബന്ദിയാക്കിയ സംഭവം

124(1612)ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ മൃഗാശുപത്രിയിലെ ചീഫ് വെറ്ററിനറി ഓഫീ സറെ ബന്ദിയാക്കി ഔദ്യോഗികരേഖകളിൽ ഒപ്പിടുവിക്കാൻ നിർബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ദേഹത്തെ ബന്ദിയാക്കിയതാരാണ്;

(സി) എന്ത് രേഖകളിൽ ഒപ്പിടുവിക്കാനാണ് ശ്രമിച്ചത്;

(ഡി) ബന്ദിയാക്കിയവരുടെ മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) പാലക്കാട് ജില്ലാ മൃഗാശുപത്രിയിലെ ചീഫ് വെറ്ററിനറി ഓഫീസറെ ബന്ദിയാക്കിയതായുള്ള ഒരു പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ അന്വേഷണ വിധേയമാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly